# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1550 — 04.12.2015 -ലെ മറുപടിക്ക്

**പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവഴിച്ച തുക**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പത്ര ദൃശ്യ- ശ്രവ്യ മാർഗ്ഗങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി ഖജനാവിൽ നിന്നും ചെലവഴിച്ച ആകെ തുക സംബന്ധിച്ച് വിശദമാക്കാമോ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പത്ര-ദൃശ്യ- ശ്രവ്യ മാർഗ്ഗങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി ഖജനാവിൽ നിന്നും ചെലവഴിച്ച ആകെ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | പരസ്യങ്ങൾക്കായി ചെലവഴിച്ച തുക | പ്രസിദ്ധീകരണങ്ങൾക്കായി ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 36,17,86,702 | 72,34,391 |
| 2012-13 | 26,48,10,268 | 77,54,188 |
| 2013-14 | 24,02,36,409 | 1,67,46,291 |
| 2014-15 | 29,99,99,500 | 1,22,42,850 |
| 2015-16 | 17,00,24,030 | 3,47,15,846 |

പത്ര ദൃശ്യ - മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾക്ക് ആകെ ചെലവായ തുകയിൽ **30,79,72,083/-** രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) ഈ ഇനത്തിൽ പത്ര-ദൃശ്യ- ശ്രവ്യ മേഖലയ്ക്ക് കൊടുത്തു തീർക്കുവാനുള്ള ആകെ തുക എത്രയാണ്;

(ബി) ഈ ഇനത്തിൽ ഏകദേശം 35 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ എന്തെല്ലാം പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും അനുവാദം നൽകിയിട്ടുണ്ട്; വിശദമാക്കാമോ; പ്രിന്റിംഗിൽ ഇരിക്കുന്നതും പ്രിന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ ഏവ; അവ ഓരോന്നും എത്ര വീതം പ്രിന്റ് ചെയ്ത് വിതരണം ചെയ്യാനുദ്ദേശിക്കുന്നു;

(സി) വികസന സമന്വയം എന്ന ടാബ്ലോയിഡ് പത്രത്തിന്റെ 15 ലക്ഷം വീതമുള്ള 7 ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബഹു.മുഖ്യമന്ത്രിയുടെ നിയമസഭാ പ്രസംഗം പുസ്തക രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഹെറിറ്റേജ് സീരീസിൽ കോട്ടയം ജില്ലയുടെ പുസ്തകം തയ്യാറാക്കി വരുന്നു. വിഴിഞ്ഞം പദ്ധതിയെ കുറിച്ചും തീരദേശമേഖലയിലെ നേട്ടങ്ങളെ കുറിച്ചും ഓരോ പുസ്തകം വീതം തയ്യാറാക്കി വരുന്നു. വികസന സമന്വയം ഒഴികെ മറ്റ് പ്രസിദ്ധീകരണങ്ങൾ എത്ര കോപ്പികൾ അച്ചടിക്കണമെന്ന വിഷയത്തിൽ തീരുമാനമായിട്ടില്ല.

(ഡി) പരസ്യങ്ങളുടെ വസ്തുതാ പരിശോധന പി.ആർ.ഡി നടത്താറുണ്ടോ?

(ഡി) പരിശോധിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ